പേ കമ്മിഷൻ സുപാർശ ചെയ്ത സ്കെയിൽ.

* 109. [17] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേകമ്മിഷൻ സുപാർശ ചെയ്തിട്ടുള്ള ഏതെങ്കിലും സ്കെയിലിൽ കുറവു വരുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതു് ഏതെല്ലാം ഉദ്യോഗസ്ഥന്മാർക്കാണ്

(സി) കുറവെന്താണു് ;

(ഡി) കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഉണ്ടു് ;

(ബി, സി) പേ കമ്മിഷൻ റിപ്പോർട്ടിന്മേൽ ഗവണ്മെൻറ പാസാക്കിയ ഉത്തരവിൽനിന്നും ഈ വിവരത്തിൽ വിശദമാകുന്നതാണു്.

വിവരത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

(ഡി) സ്റ്റാൻഡാർഡ് സ്കെയിലിൽപ്പെടുത്തുക, ബാക്കി തുല്യ ചുമതലയുള്ള ഉദ്യോഗങ്ങളോടു താരതമ്യപ്പെടുത്തുക, ഇങ്ങനെയുള്ള കാരണങ്ങളെക്കൊണ്ടാണു്.

പബ്ലിക് സർവ്വീസ് നിയമനപരിധിയിൽനിന്നു് ഒഴിവാക്കപ്പെട്ട ഡിപാർട്ടുമെൻറുകൾ.

* 110. [18] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

തിരുവിതാംകൂർ-കൊച്ചിയിൽ എല്ലാം ഡിപ്പാർട്ടുമെൻറുകളും സ്ഥാപനങ്ങളും ഇപ്പോൾ പബ്ലിക് സർവ്വീസ് കമ്മിഷൻറെയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൻറെയും നിയമനപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : 1952-ലെ പബ്ലിക് സർവ്വീസ് കമ്മിഷൻ (കൺസൾട്ടേഷൻ) റഗുലേഷൻ 2-ാം അനുബന്ധത്തിൽ പറയുന്ന നിയമനങ്ങളും, ഉദ്യോഗങ്ങളും പബ്ലിക് സർവ്വീസ് കമ്മിഷൻറെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടു്.

കൺസൾട്ടേഷൻ റഗുലേഷൻ 2-ാം അനുബന്ധത്തിൽ പറയുന്ന 8, 10, 11, 18 ഇനങ്ങൾ ഒഴികെ ബാക്കി എല്ലാ നിയമനങ്ങളും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൻറെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടു്.

എൻ. ഇ. എസ്സ്. ബ്ലോക്കുകളുടെ വാർഷികം.

* 111. [19] ശ്രീ. പി. കുഞ്ഞൻ : താഴെ പറയുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകളുടെ വാർഷികം വിവിധ ജില്ലാപാടി കേന്ദ്രങ്ങളിൽ നടത്താറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly